# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 18, വ്യാഴം

## നമ്പർ 73

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

അന്തർ സംസ്ഥാന നദീജല തർക്കങ്ങളെ സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നടത്തുന്നതിന് സാങ്കേതിക സഹായം നൽകുന്ന ഡൽഹിയിലെ കാവേരി സെൽ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചതിലൂടെ സംസ്ഥാന താല്പര്യം തകരുന്ന സാഹചര്യംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) കുണ്ടറ അലിൻഡ് ഏറ്റെടുത്ത് പൊതുമേഖലാ സ്ഥാപനമായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടർമാരുടെയും കോളേജ് പ്രിൻസിപ്പൽമാരുടെയും ഒഴിവുകൾ അടിയന്തരമായി നികത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | അന്യസംസ്ഥാനങ്ങളിൽ നിന്ന് കളിമണ്ണ് കൊണ്ടുവരുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. വി. അബ്ദുറഹിമാൻ | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ എയർ ഇന്ത്യ ഫ്ലൈറ്റ് ഹാൻഡ്‌ലിംഗ് തൊഴിലാളികളുടെ സമരം | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പി. അനിൽ കുമാർ | സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട മെഡിക്കൽ പി.ജി. വിദ്യാർത്ഥികളുടെ ഫീസ് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പാറക്കൽ അബ്ദുല്ല | വടകര മാഹി കനാൽ നിർമ്മാണം | മുഖ്യമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. റോഷി അഗസ്റ്റിൻ | 1-1-1977-ന് മുൻപ് കൈവശത്തിലിരിക്കുന്ന കർഷകരുടെ ഭൂമിക്കുള്ള ഉപാധിരഹിത പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എസ്. ശർമ്മ | മുനമ്പം മുതൽ വൈപ്പിൻ വരെയുള്ള കടൽത്തീരത്ത് പുലിമുട്ട് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. മുല്ലക്കര രത്നാകരൻ | ചിതറ കുടിവെള്ള പദ്ധതി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. മമ്മൂട്ടി | വളവന്നൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. രാജു എബ്രഹാം | റാന്നി വനം ഡിവിഷന് ചുറ്റും സൗരോർജ്ജ വേലികളും കിടങ്ങുകളും സ്ഥാപിക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്.

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ മുപ്പതു മുതൽ നാല്പതു വരെയുള്ള റിപ്പോർട്ടുകൾ.

(3) യുവജന ക്ഷേമവും യുവജനകാര്യവും സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട്.

ധനകാര്യം :

## 2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണനും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ

7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും, നിയമവും, സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ മേശപ്പുറത്തു വച്ചു.

VIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 5, 6, 7, 11, 12, 13, 17, 18, 20, 22, 24, 26 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXIV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 10, 12, 15, 17, 18, 19, 20, 21, 23, 26, 27, 28 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 7, 10, 11, 12, 13, 15, 16, 17, 19, 20, 21, 22, 24, 26, 27 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. കെ. ദാസൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ബി. സത്യൻ

ശ്രീ. പി. ഉണ്ണി

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. ഉമ്മർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. പി. ടി. തോമസ്

ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം :

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, മലപ്പുറം ജില്ലയെപ്പറ്റി താൻ പ്രസ്താവന നടത്തിയതായി ശ്രീ. പി. ടി തോമസ് നടത്തിയ പരാമർശം സംബന്ധിച്ച് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നടത്തി. ധനാഭ്യർത്ഥനകളിന്മേലുള്ള നടപടിക്രമങ്ങൾ തുടർന്നു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും, തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനും മറുപടി നൽകി.

(ശേഷിച്ച സഭാനടപടികൾ പ്രതിപക്ഷാംഗങ്ങൾ ബഹിഷ്കരിച്ചു)

അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളിയതായി പ്രഖ്യാപിക്കുകയും ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമാകയാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിക്കുകയും ചർച്ച കൂടാതെ പാസ്സാക്കുകയും ചെയ്തു.

| | |
|---|---|
| I | സംസ്ഥാന നിയമസഭ |
| IV | തെരഞ്ഞെടുപ്പുകൾ |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| X | ട്രഷറികളും അക്കൗണ്ടുകളും |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| XVI | പെൻഷനും പലവകയും |
| XXIII | വാർത്താവിതരണവും പ്രചരണവും |

XXVIII പലവക സാമ്പത്തിക സർവ്വീസുകൾ

XLIII നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും

XLV പലവക വായ്പകളും മുൻകൂറുകളും

2017 മേയ് 19-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 3.50-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

# BULLETIN—PART I

(Brief Record of Proceedings)

*Thursday, May 18, 2017*

**No.73**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and two other Members regarding the serious situation reported to have arisen due to the government decision, to discontinue the Kaveri cell in Delhi which provided technical assistance for conducting cases in the Supreme Court on Inter State water disputes, which was against the interest of the State.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.

*Calling Attention* :

(1) Shri K. K. Ramachandran Nair called the attention of the Minister for Industries, Sports and Youth Affairs to the necessity to take over Alind, Kundara and to conserve it in the public sector. The Minister made a statement thereto.

(2) Prof. Abid Hussain Thangal called the attention of the Minister for Education to the necessity to fill the existing vacancies of Deputy Directors and College Principals in the Department of Collegiate Education urgently. The Minister made a statement thereto.

KNPP. 943/2017(ii).

*Matters raised by Members under Rule 304*:

The matters raised in the House by Members under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | അന്യസംസ്ഥാനങ്ങളിൽ നിന്ന് കളിമണ്ണ് കൊണ്ടുവരുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. വി. അബ്ദുറഹിമാൻ | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ എയർ ഇന്ത്യ ഫ്ലൈറ്റ് ഹാൻഡ്‌ലിംഗ് തൊഴിലാളികളുടെ സമരം | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പി. അനിൽ കുമാർ | സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട മെഡിക്കൽ പി.ജി. വിദ്യാർത്ഥികളുടെ ഫീസ് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പാറക്കൽ അബ്ദുല്ല | വടകര മാഹി കനാൽ നിർമ്മാണം | മുഖ്യമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. റോഷി അഗസ്റ്റിൻ | 1-1-1977-ന് മുൻപ് കൈവശത്തി ലിരിക്കുന്ന കർഷകരുടെ ഭൂമിക്കുള്ള ഉപാധിരഹിത പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എസ്. ശർമ്മ | മുനമ്പം മുതൽ വൈപ്പിൻ വരെയുള്ള കടൽത്തീരത്ത് പുലിമുട്ട് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. മുല്ലക്കര രത്നാകരൻ | ചിതറ കുടിവെള്ള പദ്ധതി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. മമ്മൂട്ടി | വളവന്നൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. രാജു എബ്രഹാം | റാന്നി വനം ഡിവിഷന് ചുറ്റും സൗരോർജ്ജ വേലികളും കിടങ്ങുകളും സ്ഥാപിക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports* :

The following Reports were presented :

(1) The Eighth Report of the Committee on Private Members' Bills and Resolutions.

(2) The Thirtieth to Fourtieth Report of the Committee on Public Undertakings.

(3) The First report of the Committee on the Welfare of Youth and Youth Affairs.

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2017-2018

Shri T. P. Ramakrishnan, Minister for Labour and Excise moved Demand Nos. VIII- Excise, XXIV—Labour, Labour Welfare and Welfare of Non-Residents for the amounts shown respectively against them under column 7 in the list of

Demands for Grants. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Law, Culture and Parliamentary Affairs moved Demand No. XXV—Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities for the amount shown against it in column 7 in the list of Demands for Grants.

Smt. K. K. Shailaja Teacher, Minister for Health and Social Justice on behalf of Minister for Finance and Coir, laid on the table the statements under Rule 236(3) relating to Demand No. VIII, XXIV and XXV.

Cut motion Nos. 1, 2, 5, 6, 7, 11, 12, 13, 17, 18, 20, 22, 24, 26 in the list of cut motions under Demand No. VIII, Cut motion Nos. 2, 3, 4, 5, 6, 10, 12, 15, 17, 18, 19, 20, 21, 23, 26, 27, 28 in the list of cut motions under Demand No. XXIV and cut motion Nos. 2, 3, 4, 5, 7, 10, 11, 12, 13, 15, 16, 17, 19, 20, 21, 22, 24, 26, 27 in the list of cut motions under Demand No. XXV were moved.

The following Members took part in the discussion :

Shri C. K. Saseendran

Shri A. P. Anil Kumar

Shri K. Dasan

Shri Chittayam Gopakumar

Shri T. V. Ibrahim

Shri Roshy Augustine

Shri Kovoor Kunjumon

Shri I. C. Balakrishnan

Shri B. Satyan

Shri P. Unni

Smt. E. S. Bijimol

Shri O. R. Kelu

Shri M. Ummer

Shri A. M. Ariff

Shri P. T. Thomas.

*Personal explanation under Rule 288*:

Shri Kadakampalli Surendran, Minister for Co-operation, Tourism and Devaswoms made a personal explanation under rule 288 regarding the mention by Shri P. T. Thomas as put a reported statement by the Minister on Malappuram District.

*Discussion on Demands for Grants resumed*:

Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Law, Culture and Parliamentary Affairs and Shri T. P. Ramakrishnan, Minister for Labour and Excise replied to the points raised during the discussion.

(The opposition boycotted the rest of the business)

The Cut motions moved were declared lost. Then the Demand Nos. VIII, XXIV and XXV were passed by the House.

Being the last day allotted for voting on Demands for Grants, all the remaining Demands were guillotined in the following order for the amounts shown respectively against them in column 7 in the list of Demands for Grants.

| | |
|---|---|
| I | State Legislature |
| IV | Elections |
| VII | Stamps and Registrations |
| X | Treasury and Accounts |
| XIV | Stationery and Printing and other Adminstrative Services |

| | |
|---|---|
| XVI | Pension and Miscellaneous |
| XXIII | Information and Publicity |
| XXVIII | Miscellaneous and Economic Services |
| XLIII | Compensation and Assigments |
| XLV | Miscellaneous Loans and Advances |

The House adjourned at 3.50 p.m. to meet again at 8.30 a.m. on May 19, Friday 2017.

V. K. BABU PRAKASH,
*Secretary.*